**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 382** **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീ ബിൽഡ് പ്രോജക്റ്റ്, കിഫ്ബി എന്നിവ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി ഗുണനിലവാര പരിശോധനാ സംവിധാനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രധാൻമന്ത്രി ഗ്രാം സഡക് യോജന (PMGSY), റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീ ബിൽഡ് പ്രോജക്ട് (CMLRRP), കിഫ്ബി എന്നിവയുടെ പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി ഗുണനിലവാര പരിശോധനാ സംവിധാനം ഉറപ്പാക്കിയിട്ടുണ്ട്. PMGSY പ്രവൃത്തികളിലും RKI-യിൽ ഉൾപ്പെടുത്തി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖാന്തിരം നിർവഹിക്കുന്ന പ്രവൃത്തികളിലും ത്രിതല ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലുണ്ട്. മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ മുഖാന്തിരമുള്ള പരിശോധനാ സംവിധാനം നിലവിലുണ്ട്. കിഫ്ബി/റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് ഇംപാക്ട് കേരള മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പി.ഡബ്ല്യു.ഡി. Quality Control Manual പ്രകാരം വിവിധ തലത്തിൽ ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നുണ്ട്. കൂടാതെ കിഫ്ബി നേരിട്ടും വിവിധ ഗുണനിലവാര പരിശോധനകൾ നടത്തുന്നുണ്ട്. |
| (ബി) | ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. സ്കീമുകളിൽപ്പെട്ട നിർമ്മിതികൾക്ക് ഡിഫക്ട് ലയബിലിറ്റി പിരീഡ് അനുസരിച്ച് അറ്റകുറ്റപണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പി.എം.ജി.എസ്.വൈ., ആർ.കെ.ഐ. നിർമ്മിതികൾക്ക് നിർമ്മാണം പൂർത്തിയായി അഞ്ചുവർഷ കാലയളവിൽ സംഭവിക്കുന്ന അറ്റകുറ്റപണികളും പോരായ്മകളും ഗുണനിലവാരത്തോട് കൂടി പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ രേഖാമൂലം ബാധ്യതപ്പെടുത്തുന്നുണ്ട്. PMGSY പ്രവൃത്തികളിൽ റോഡു പണി കഴിഞ്ഞ് അഞ്ചു വർഷവും 45 ദിവസവും (ഡിഫക്ട് |

| | | | |
|---|---|---|---|
| | | | ലൈബിലിറ്റി പീരിഡ്) കഴിഞ്ഞു ബാധ്യതകളൊന്നും ഇല്ല എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ റോഡ് വർക്കിനായി കരാറുകാരൻ സമർപ്പിച്ച ബാങ്ക് ഗാരണ്ടി തിരികെ നൽകുകയുള്ളൂ. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ സുരക്ഷയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി റോഡ് ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ; | (സി) | നിലവിൽ 10 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ) റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്ന പ്രവൃത്തി നടന്നു വരുന്നു. തുടർന്നുള്ള വർഷങ്ങളിൽ മറ്റ് ജില്ലകളിൽ നടത്താനുദ്ദേശിക്കുന്നു. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കൂടുതൽ റീജിയണൽ ലബോറട്ടറികൾ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി കിലയുമായി ചേർന്ന് കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ റീജിയണൽ ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ സജ്ജീകരിക്കുന്നുണ്ട്. ഗുണനിലവാര പരിശോധന ഉപകരണങ്ങൾ വാങ്ങൽ നടത്തിയിട്ടുണ്ട്. ഇതിനായി കണ്ടെത്തിയ കെട്ടിടങ്ങളുടെ സജ്ജീകരണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ